90 (525) ആറാട്ടുപുഴ- ശാസ്താംകടവ് പാലത്തിന്റെ നിർമ്മാണം

ശ്രീ. കെ.വി. രാജേന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസവും മരാമത്തും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ചേർപ്പ് നിയോജക മണ്ഡലത്തിൽ ആറാട്ടുപുഴ- ശാസ്താംകടവ് പാലത്തിന്റെ നിർമ്മാണം തുടങ്ങുന്നതിന് നടപടി സ്വീകരിക്കുമോ;

(ബി) ഈ പാലത്തിന്റെ ഡിസൈൻ തയ്യാറാക്കിയിട്ടുണ്ടോ; പാലത്തിന്റെ നീളം എത്ര മീറ്ററാണ്;

(സി) ഈ പാലത്തിന്റെ പുതുക്കിയ എസ്റ്റിമേറ്റ് തുക എത്ര എന്ന് വ്യക്തമാക്കുമോ;

(ഡി) അപ്രോച്ച് റോഡിനുള്ള സ്ഥലമെടുത്താൽ ഉടനെ പാലത്തിന്റെ നിർമ്മാണം തുടങ്ങുമോ;

ഉത്തരം

(എ) നടപടി സ്വീകരിക്കുന്നതാണ്.

(ബി) ഡിസൈൻ തയ്യാറാക്കിയിട്ടില്ല പാലത്തിന്റെ നീളം 87 മീറ്ററാണ്.

(സി) ഏകദേശം 160 ലക്ഷം രൂപ വരും.

(ഡി) ബഡ്ജറ്റിൽ മതിയായ തുക വകയിരുത്തുകയും ഡിസൈൻ തയ്യാറാക്കി, എസ്റ്റിമേറ്റിന് ഭരണാനുമതി, പ്രത്യേകാനുമതി, സാങ്കേതികാനുമതി ഇവ നൽകിയ ശേഷം പണി ഏറ്റെടുക്കുന്നതാണ്.

91 (526) മമ്മാക്കുന്ന് പാലം

ശ്രീ. എം.വി. ജയരാജൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസവും മരാമത്തും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കണ്ണൂർ ജില്ലയിലെ മമ്മാക്കുന്ന് പാലം നിർമ്മിക്കുന്നതിന് സർക്കാർ അനുമതി നൽകിയിട്ടുണ്ടോ;

(ബി) എങ്കിൽ പ്രസ്തുത പാലം നിർമ്മാണവുമായി ബന്ധപ്പെട്ട നടപടി ക്രമങ്ങൾ ഇപ്പോൾ ഏതവസ്ഥയിലാണെന്ന് വിശദമാക്കുമോ?

ഉത്തരം

(എ) കണ്ണൂർ ജില്ലയിലെ മമ്മാക്കുന്ന് പാലത്തിന് 30.6.98 ലെ ജി.ഒ (ആർ‌റ്റി) നം. 614/98/പൊ.മ.വ പ്രകാരം 395 ലക്ഷം രൂപയുടെ ഭരണാനുമതിയും 21.6.99-ലെ ജി.ഒ.(ആർ‌റ്റി) നം. 591/99/പൊ.മ.വ. പ്രകാരം പ്രത്യേകാനുമതിയും നൽകി.

(ബി) ഈ പാലത്തിന്റെ വിശദമായ ഡിസൈൻ തയ്യാറാക്കിക്കൊണ്ടിരിക്കുന്നു.

92 (527) കോറൂർ പാലം പണി

ശ്രീമതി ആർ. വത്സലാദേവി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസവും മരാമത്തും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

LIBRARY ARCHIVES Kerala Legislative Assembly

(എ) വർഷങ്ങളായി നിർമ്മാണ പ്രവർത്തനം നടന്നുകൊണ്ടിരുന്ന ചടയമംഗലം സെക്ഷനിലെ കോവൂർ പാലം പണി ഇപ്പോൾ ഏതു ഘട്ടത്തിലാണെന്നു വ്യക്തമാക്കുമോ;

(ബി) 90% പൂർത്തിയായിരുന്ന ഈ പ്രവൃത്തിയുടെ ഗുണഫലം നാട്ടുകാർക്ക് അനുഭവിക്കാൻ സാധിക്കുന്ന തരത്തിൽ എന്നത്തേക്ക് വാർത്താപാവരത്തെ റോഡുമായി ബന്ധിപ്പിക്കുമെന്ന് അറിയിക്കുമോ;

(സി) ഇതിന്റെ നിർമ്മാണവുമായി ബന്ധപ്പെട്ട് ഇതുവരെ എത്ര രൂപ ചെലവായിട്ടുണ്ട് എന്ന് വെളിപ്പെടുത്തുമോ.

(ഡി) കരാറുകാരന് ഇതുവരെ പണമൊന്നും കൊടുത്തിട്ടില്ലെങ്കിൽ അതിനു കാരണമെന്താണെന്ന് അറിയിക്കുമോ?

ഉത്തരം

(എ) കോവൂർ പാലത്തിന്റെ നിർമ്മാണം പുരോഗതിയിലാണ്.

(ബി) ഒരു മാസത്തിനകം ബന്ധിപ്പിക്കാൻ കഴിയുമെന്ന് പ്രതീക്ഷിക്കുന്നു.

(സി) 18,38,004/- രൂപ ചെലവായിട്ടുണ്ട്.

(ഡി) ചോദ്യം ഉദിക്കുന്നില്ല.

93 (528) അയിരൂർ വില്ലിക്കടവ് പാലങ്ങൾ

ശ്രീ. എ അരിഫുദ്ദീൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് നിയമ്യാസവും മരാമത്തും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വർക്കല നിയോജകമണ്ഡലത്തിലെ അയിരൂർ, വില്ലിക്കടവ് പാലങ്ങളുടെ ഉറപ്പും, സുരക്ഷിതത്വവും പരിശോധിക്കുന്നതിന് ബന്ധപ്പെട്ട അധികാരികൾ എന്തൊക്കെ നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കുമോ;

(ബി) വളരെ ശോചനീയാവസ്ഥയിലുള്ള ഈ പാലങ്ങളുടെ സുരക്ഷ പരിശോധിച്ച് ആവശ്യമെങ്കിൽ വിശദവിവരങ്ങളടങ്ങിയ ബോർഡുകൾ പാലങ്ങൾക്കു സമീപം സ്ഥാപിക്കുന്നതിനുള്ള നടപടി സ്വീകരിക്കുമോ;

(സി) നിയോജകമണ്ഡലത്തിൽപ്പെടുന്ന മറ്റെല്ലാ പാലങ്ങളുടെയും സുരക്ഷ സംബന്ധിച്ചുള്ള പരിശോധനകൾ നടത്തുന്നതിനാവശ്യമായ നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) അയിരൂർ പാലം പുതുക്കിപ്പണിയുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. ടി പാലത്തിന്റെ ഒരു ഭാഗത്തുള്ള അപ്രോച്ച് റോഡിന്റെ സ്ഥലം ദേവസ്വം വക ക്ഷേത്രത്തിന്റെതാണ്. അത് ഏറ്റെടുക്കാനുള്ള നടപടികൾ സ്വീകരിച്ചുവരുകയാണ്.

വില്ലിക്കടവ് പാലം പുതുക്കി പണിയുന്നതിനുള്ള പ്രാരംഭ നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

(ബി) മേല്പറഞ്ഞ പാലങ്ങൾ പരിശോധിച്ച് ആവശ്യമെങ്കിൽ ബോർഡുകൾ വയ്ക്കാനുള്ള നടപടികൾ സ്വീകരിക്കുന്നതാണ്.

LIBRARY ARCHIVES Kerala Legislative Assembly